PREPARED BY NAUFAL SADIQUE K
HSST POLITICAL SCIENCE, JAMIA ISLAMIYA HSS MANJERI- 9447437443 (Not Official)

# FIRST YEAR HIGHER SECONDARY EXAMINATION,MARCH 2023

**Part III -POLITICAL SCIENCE** **Maximum :80 Scores**

## ഉത്തര സൂചിക

1. 1950 ജനുവരി 26 **1**

2. രാജ്യ സഭ **1**

3. മഹാരാഷ്ട്ര **1**

4. കേശവാനന്ദ ഭാരതി കേസ് **1**

5. ജോൺ റോൾസ് **1**

**2**

6. സിവിൽ സർവീസിന്റെ വർഗ്ഗീകരണം

- അഖിലേന്ത്യാ സർവീസ്
- കേന്ദ്ര സർവീസ്
- സംസ്ഥാന സർവീസ്

**3**

7.

| |
|---|
| സുപ്രീം കോടതി |
| ഹൈക്കോടതികൾ |
| ജില്ലാ കോടതികൾ |
| കീഴ്കോടതികൾ |

8.

| | |
|---|---|
| കാവേരി | തമിഴ്നാട് -കർണ്ണാടക |
| ബൽഗാം | മഹാരാഷ്ട്ര -കർണ്ണാടക |
| ചണ്ഡിഗഢ് | പഞ്ചാബ് -ഹരിയാന |

**3**

**9.** **4**

| | |
|---|---|
| സ്വാതന്ത്ര്യത്തിലേക്കുള്ള ദീർഘ നടത്തം | നെൽസൺ മണ്ടേല |
| ഭയത്തിൽ നിന്നുള്ള മോചനം | ആങ്സാൻ സൂക്കി |
| വാട്ടർ | ദീപ മേത്ത |
| രാമായണ റീറ്റോൾഡ് | ഒബ്രെമേനോൻ |

**10.** **3**

| രാഷ്ട്രീയ അവകാശം | സാമ്പത്തിക അവകാശം | പൗരാവകാശം |
|---|---|---|
| *വോട്ടിനുള്ള അവകാശം | *തൊഴിലിനുള്ള അവകാശം | ജീവിക്കാനുള്ള അവകാശം |
| *തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശം | *വിശ്രമിക്കാനുള്ള അവകാശം | *സ്വത്തവകാശം |

**QP 11 to 15 (3 score)**

**11.** *.ഒതുക്കമില്ലാത്തത് *പ്രാതിനിധ്യമില്ലാത്തത് *വൈദേശികമായ പ്രമാണം

**12.***ഗവൺമെൻറിന്റെ വിവിധ വിഭാഗങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് അറിയാനും, നിയമവ്യവസ്ഥയെ കുറിച്ച് അവബൊധം സൃഷ്ടിക്കാനും ഭരണഘടനയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനും.

*മനുഷ്യാവകാശങ്ങളെയും, സ്വാതന്ത്ര്യം ,സമത്വം, നീതി, മതേതരത്വം, തുടങ്ങിയ വിവിധ ആശയങ്ങളെ കുറിച്ചു അവബോധം സൃഷ്ടിക്കാനും.

*സാമൂഹിക പ്രശ്നങ്ങളെ കുറിച്ച് ചിട്ടയായി ചിന്തിക്കാനും അതിലൂടെ അഭിപ്രായങ്ങൾ ശരിയായ രീതിയിൽ രൂപപ്പെടുത്താനും യുക്തിപൂർവ്വം വാദിക്കാനും.

**13.** * രാഷ്ട്രീയ സമത്വം * സാമൂഹിക സമത്വം * സാമ്പത്തികസമത്വം

**14.**1. തുല്യരോട് തുല്യ പരിഗണന 2. ആനുപാതിക നീതി.

3. പ്രത്യേകാവശ്യങ്ങൾ അംഗീകരിക്കൽ

15. ജാതിശ്രേണി,വർഗ്ഗവ്യത്യാസം,പുരുഷാധിപത്യം,

കോളനിവാഴ്ച, വംശീയതയും വർഗീയതയും

**QP 16 to 20 (4 score)**

**16.** ഭരണഘടനയുടെ Article 107 മുതല് 122 വരെയാണ് നിയമ നിര്മ്മാണത്തെ പ്രതിപാദി ക്കുന്നത്. അഞ്ച് ഘട്ടങ്ങളുണ്ടിതിന്. എല്ലാ ഘട്ടങ്ങളും രണ്ട് സഭകളിലും പ്രത്യേകം ഉണ്ട്

1. ഒന്നാം വായന. 2) രണ്ടാം വായന. 3) കമ്മിറ്റി ഘട്ടം.

4) റിപ്പോർട്ട്ഘട്ടം 5) മൂന്നാം വായന

**17.**1. നിയമന രീതി 2.നിശ്ചിതമായ ഔദ്യോഗിക കാലാവധി

3.ജുഡീഷ്യറിയും എക്സിക്യൂട്ടീവ് തമ്മിലുള്ള വേർപ്പെടുത്തൽ

**18.** ആർട്ടിക്കൾ 369.

1.പാർലമെന്റിന്റെ കേവല ഭൂരിപക്ഷത്തോടെയുള്ള ഭരണഘടനാ ഭേദഗതി

2.പാർലമെന്റിന്റെ പ്രത്യേക ഭൂരിപക്ഷത്തോടെയുള്ള ഭേദഗതി

3.പാർലമെന്റിന്റെ പ്രത്യേക ഭൂരിപക്ഷത്തോടൊപ്പം പകുതി സംസ്ഥാനങ്ങളുടെ അംഗീകാരത്തൊടെയുള്ള ഭേദഗതി.

**19.** 1.വ്യക്തി സ്വാതന്ത്ര്യം 2.സാമൂഹ്യനീതി

3.വൈവിധ്യങ്ങളെയും ന്യൂനപക്ഷാവകാശങ്ങളേയും ബഹുമാനിക്കൽ 4.മതേതരത്വം

5. സാർവത്രിക വോട്ടവകാശം 6. ദേശീയ സ്വത്വം

7. ഫെഡറലിസം (ഏതെങ്കിലും രണ്ടെണ്ണം വിവരിക്കുക )

**20.** ഇന്ത്യൻ പൗരത്വ നിയമം1955 ൽ നിലവിൽ വന്നു.

* ജന്മം കൊണ്ടുള്ള പൗരത്വം

* പാരമ്പര്യമായി ലഭിക്കുന്നത്.

* രജിസ്ട്രേഷൻ വഴി ലഭിക്കുന്നത്.

* തദ്ദേശീകരണം വഴി ലഭിക്കുന്നത്.

* ഭൂപ്രദേശങ്ങൾ കൂട്ടിച്ചേർക്കുന്ന വഴി ലഭിക്കുന്നത്.

**QP 21 to 25 (5 score)**

**21.** *ഭരണഘടന ഏകോപനവും ഉറപ്പും നൽകുന്നു.

*തീരുമാനങ്ങൾ എടുക്കാനുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കുന്നു.

*ഗവൺമെന്റിന്റെ അധികാരങ്ങൾക്ക് പരിധി നിർണ്ണയിക്കുന്നു

*സമൂഹത്തിന്റെ ലക്ഷ്യങ്ങളും അഭിലാഷങ്ങളും വ്യക്തമാക്കുന്നു.

* ഒരു ജനതയ്ക്ക് മൗലിക വ്യക്തിത്വം നൽകുന്നു.

**22.** 1. ലോകസഭ, രാജ്യസഭ, നിയമ നിര്മ്മാണ സഭകള്. എന്നിവയിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തുക

2. രാഷ്ട്രപതി, ഉപരാഷ്ട്രപതി എന്നിവരെ തിരഞ്ഞെടുക്കാനുള്ള തിരഞ്ഞെടുപ്പ് നടത്തുക

3. തെരഞ്ഞെടുപ്പിന് ആവശ്യമായ വോട്ടർ പട്ടിക തയ്യാറാക്കുക.

4. വൊട്ടര്പട്ടിക പരിഷ്കരിക്കുകയും പുതുക്കുകയും ചെയ്യുക.

5. തിരഞ്ഞെടുപ്പ് തീയ്യതികള് നിശ്ചയിക്കുക.

6. തിരഞ്ഞെടുപ്പ് വിജ്ഞാപനം, നാമനിര്ദേശ പത്രിക സമര്പ്പിക്കല്,ഫലപ്രഖ്യാപനം എന്നീ തീയ്യതികള് പ്രഖ്യാപിക്കുക.

7. രാഷ്ട്രീയകക്ഷികള്ക്ക് അംഗീകാരം നല്കുക.

8. ചിഹ്നങ്ങള് അനുവദിക്കുക.

9. തിരഞ്ഞെടുപ്പു ചിലവുകള്ക്ക് പരിധി നിര്ണയിക്കുക.

10. തിരഞ്ഞെടുപ്പ്തര്ക്കങ്ങളും കേസുകളും തീര്പ്പാക്കുക.

11. പെരുമാറ്റ ചട്ടം പ്രഖ്യാപിക്കുക.

12. തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരെ നിയമിക്കുക.

(ഏതെങ്കിലും അഞ്ചെണ്ണം എഴുതുക)

**23.** * ക്യാബിനറ്റ് തലവനാണ് പ്രധാനമന്ത്രി.

*പ്രസിഡന്റിന് ഉപദേശം നൽകാനുള്ള അധികാരം

*മന്ത്രിസഭാംഗങ്ങൾ ആരെല്ലാമായിരിക്കണമെന്നും, അവരുടെ വകുപ്പുകൾ ഏതെല്ലാമായിരിക്കണമെന്നും തീരുമാനിക്കുക.

*മന്ത്രിസഭയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

*ഗവൺമെന്റിന്റെ നയങ്ങൾ നിശ്ചയിക്കുക.

*ആഭ്യന്തര,വിദേശ നയങ്ങൾ രൂപകൽപന ചെയ്യുക

*മന്ത്രിസഭയേയും രാഷ്ട്രപതിയേയും ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കുക.

*മന്ത്രിസഭയേയും പാർലമെന്റിനെയും ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കുക. (ഏതെങ്കിലും അഞ്ചെണ്ണം എഴുതുക).

**24.** * സംസ്ഥാനങ്ങളുടെ ഭൂപരിധി നിർണയിക്കാനുള്ള അധികാരം.

* ഒരു സംസ്ഥാനത്തെ വിഭജിക്കാനോ അല്ലെങ്കിൽ ഒന്നിലധികം സംസ്ഥാനങ്ങളെ കൂട്ടിച്ചേർക്കാനോ പുതിയ സംസ്ഥാനങ്ങൾ രൂപീകരിക്കാനുള്ള അധികാരം പാർലമെന്റിനുണ്ട്.

* സംസ്ഥാനങ്ങളിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ അധികാരം കേന്ദ്രത്തിനുണ്ട്.

* സംസ്ഥാന ലിസ്റ്റിൽ നിയമനിർമ്മാണം നടത്താനുള്ള അധികാരം കേന്ദ്രത്തിനുണ്ട്.

* സാമ്പത്തിക സഹായങ്ങൾക്ക് സംസ്ഥാന ഗവൺമെന്റുകൾ കേന്ദ്ര ഗവൺമെന്റിനെ ആശ്രയിക്കേണ്ടി വരുന്നു.

* ഗവർണർക്ക് സംസ്ഥാന ഗവൺമെന്റിനെയും നിയമസഭയേയും പിരിച്ചുവിടാൻ കേന്ദ്രത്തോട് ശുപാർശ ചെയ്യാവുന്നതാണ്.

* സംസ്ഥാന നിയമസഭ പാസാക്കിയ ഒരു ബിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കാൻ ഗവർണർക്ക് അധികാരമുണ്ട്.

* അഖിലേന്ത്യാ സർവീസുകളിലെ ഉദ്യോഗസ്ഥർ സംസ്ഥാന സർവീസുകളിൽ സേവനം അനുഷ്ഠിക്കാറുണ്ട്. സംസ്ഥാനങ്ങൾക്ക് ഈ ഉദ്യോഗസ്ഥരുടെ മേൽ അച്ചടക്ക നടപടി സ്വീകരിക്കാനാവില്ല.

(ഏതെങ്കിലും അഞ്ചെണ്ണം എഴുതുക)

**25. പാശ്ചാത്യ മതേതരത്വം**: *രാഷ്ട്രവും മതവും പരസ്പരം ഇടപെടാതെ കർശനമായ അകലം പാലിക്കുന്നു.

*വ്യക്തികള്ക്കും വ്യക്തികളുടെ അവകാശങ്ങള്ക്കും പ്രാധാന്യം നല്കുന്നു.

*വിവിധ മത ഗ്രൂപ്പുകള് തമ്മിലുള്ള സമത്വത്തിന് പ്രാധാന്യം നല്കുന്നു. *സാമുദായിക അടിസ്ഥാനത്തില് ഉള്ള അവകാശങ്ങള് ശ്രദ്ധിക്കുന്നില്ല.

*മത പരിഷ്കാരത്തെ രാഷ്ട്രം പിന്തുണക്കുന്നില്ല.

*മതസ്ഥാപനങ്ങളെ രാഷ്ട്രം സാമ്പത്തികമായി സഹായിക്കുക യില്ല.

**ഇന്ത്യന് മതേതരത്വം**: *രാഷ്ട്രം മതകാര്യങ്ങളില് തത്വാധിഷ്ഠിതമായ ഇടപെടല് നടത്തുന്നു.

*വ്യക്തികളുടെ അവകാശങ്ങളും മത സമൂഹത്തിന്റെ അവകാശങ്ങളും സംരക്ഷിക്കുന്നു.

* വിവിധ മതങ്ങള്ക്കിടയിലുള്ള സമത്വത്തിന് പ്രാധാന്യം നല്കുന്നു. *ന്യൂനപക്ഷങ്ങളുടെ അവകാശങ്ങള്ക്ക് ശ്രദ്ധ നല്കുന്നു.

*മത പരിഷ്കാരത്തെ രാഷ്ട്രം പിന്തുണക്കുന്നു.

*മതസ്ഥാപനങ്ങളെ രാഷ്ട്രം സാമ്പത്തികമായി സഹായിക്കുന്നു.

**QP 26 to 28 (8 score)**

**26. A) സമത്വത്തിനുള്ള അവകാശം (ആർട്ടിക്കൾ 14-18)**

Art.14-നിയമത്തിന് മുന്നിൽ എല്ലാവരും തുല്യരാണ്.

Art.15-പൊതുസ്ഥലങ്ങളിൽ ജാതിയുടെയോ മതത്തിന്റെയോ വർഗ്ഗത്തിന്റെയോ പ്രദേശത്തിന്റെയോ പേരിൽ ഒരാളോടും വിവേചനം പാടില്ല.

Art.16- ഗവൺമെന്റ് നിയമനങ്ങളിൽ എല്ലാവർക്കും തുല്യ അവസരം.

Art.17- അയിത്തം അഥവാ തൊട്ടുകൂടായ്മ നിയമം മൂലം നിരോധിച്ചിരിക്കുന്നു.

Art.18- സൈനിക പരവും വിദ്യാഭ്യാസപരവുമായ ബഹുമതികൾ ഒഴികെ മറ്റു ബഹുമതികൾ ഗവൺമെന്റ് പൗരന്മാർക്ക് നൽകാൻ പാടില്ല.

## B) സ്വാതന്ത്ര്യത്തിനുള്ള അവകാശം(ആർട്ടിക്കൾ 19-22)

Art.19- സംഭാഷണ സ്വാതന്ത്ര്യത്തിനും ,ആവിഷ്കാര സ്വാതന്ത്ര്യത്തിനുള്ള അവകാശം. സമ്മേളന സ്വാതന്ത്ര്യം സംഘടനാസ്വാതന്ത്ര്യം സഞ്ചാരസ്വാതന്ത്ര്യം പാർപ്പിടസ്വാതന്ത്ര്യം തൊഴിൽ വ്യാപാരം വാണിജ്യം വ്യവസായം എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം.

Art.20-കുറ്റകൃത്യങ്ങൾക്കുള്ള അന്യായമായ ശിക്ഷക്കെതിരെയുള്ള സംരക്ഷണം ഉറപ്പു നൽകുന്നു.

Art.21-വ്യക്തിസ്വാതന്ത്ര്യവും ജീവിത സ്വാതന്ത്ര്യവും ഉറപ്പു നൽകുന്നു.

Art.22-അന്യായമായ അറസ്റ്റിനും തടങ്കലിനുമെതിരെ സംരക്ഷണം നൽകുന്നു.

## C) ചൂഷണത്തിനെതിരെയുള്ള അവകാശം (ആർട്ടിക്കിൾ 23-24)

Art. 23- മനുഷ്യ കച്ചവടവും നിർബന്ധിത ജോലിയും നിരോധിക്കുന്നു.

Art. 24 ബാലവേല നിരോധിച്ചിരിക്കുന്നു

14 വയസ്സിൽ താഴെയുള്ള കുട്ടികളെ കൊണ്ട് അപകടരമായ ജോലികൾ ചെയ്യിക്കാൻ പാടില്ല

## D) മതവിശ്വാസത്തിനുള്ള അവകാശം (ആർട്ടിക്കൾ 25-28)

Art.25- ഇഷ്ടമുള്ള മതം സ്വീകരിക്കുന്നതിനും പിന്തുടരുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള അവകാശം.

Art.26-മതപരമായ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള അവകാശം.

Art.27-ഏതെങ്കിലും ഒരു പ്രത്യേക മതത്തെ പരിപോഷിപ്പിക്കുന്നതിനായി ഒരു വ്യക്തിയെയും നികുതി നൽകാൻ നിർബന്ധിക്കരുത്.

Art.28- ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതബോധനം പാടില്ല.

## E) സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ (ആർട്ടിക്കിൾ 29-30):-

Art.29- ന്യൂനപക്ഷങ്ങൾക്ക് സ്വന്തം ഭാഷ, ലിപി, സംസ്കാരം എന്നിവ സംരക്ഷിക്കുന്നതിനുള്ള അവകാശം.

Art.30- മതഭാഷ ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്ന അവകാശം.

## F)- ഭരണഘടനാപരമായി പരിഹാരം കാണുന്നതിനുള്ള അവകാശം

## (ആർട്ടിക്കിൾ 32)

Art.32 മൗലികാവകാശ ലംഘനമുണ്ടാവുകയാണെങ്കിൽ ഭരണഘടനാപരമായ പരിഹാരം കാണുന്നതിനുള്ള അവകാശം ആർട്ടിക്കിൾ 32 ഉറപ്പു നൽകുന്നു.

**27.** 73 ,74 ഭേദഗതികള് ചരിത്രത്തിലെ നാഴികകല്ലാണ്. ഇന്ത്യയിലെ പല പുരോഗതിക്കും കാരണം ഈ ഭേദഗതികളാണ്.

73 ഭേദഗതി ഗ്രാമപ്രദേശങ്ങളിലെ പ്രദേശിക ഗവണ്മെ ന്റുകളെ സംബന്ധിച്ചുള്ളതാണ്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങള് എന്നും അവ അറിയപ്പെടുന്നു.

74 ഭേദഗതി നഗരപ്രദേശങ്ങളിലെ (നഗരപാലികാ സംവിധാനം) പ്രാദേശികമെന്റുകളെ കുറിച്ചുള്ളവയാണ്.

1992 ല് ഇന്ത്യന് പാര്ലമെന്റ് 73,74 ഭേദഗതികള് പാസ്സാക്കി. 1993 ല് ഇവ പ്രാബല്യത്തില് വന്നു.

### 1.ത്രിതല ഘടന നിലവില് വന്നു.

73 ഭരണഘടന ഭേദഗതി പഞ്ചായത്ത് രാജ് നിയമം ഭരണഘടനാനുസൃതമാക്കി. ഒരു ത്രിതല പഞ്ചായത്തിരാജ് സമ്പ്രദായത്തിന് അത് രൂപം നല്കി.

വില്ലേജ് തലത്തില് ഗ്രാമപ്പഞ്ചായത്തും മധ്യ തലത്തില് ബ്ലോക്ക് പഞ്ചായത്തും ജില്ലാ തലത്തില് ജില്ലാ പഞ്ചായത്തും പ്രവര്ത്തിക്കും.ഇതിനു പുറമെ ഗ്രാമസഭകള് രൂപീകരിക്കാനും ഈ ഭേദഗതി വ്യവസ്ഥ ചെയ്യുന്നു.

### 2.തെരഞ്ഞെടുപ്പ് സംവിധാനം നിലവില് വന്നു.

73 , 74 ഭേദഗതികള് തദ്ദേശ തെരഞ്ഞെടുപ്പിന് വ്യവസ്ഥ ചെയ്യുന്നു . ത്രിതല പഞ്ചായത്തുകളിലേയ്ക്കുള്ള പ്രതിനിധികളെ ജനങ്ങള് നേരിട്ടാണ്

തിരഞ്ഞെടുക്കുന്നത്. ഓരോ പഞ്ചായത്തു സമിതിയുടേയും കാലാവധി 5 വര്ഷമാണ്.

## 3.സംവരണം ഏര്പ്പെടുത്തി.

*പഞ്ചായത്ത് സ്ഥാപനങ്ങളിലെ മൂന്നിലൊന്നു സീറ്റുകള് സ്ത്രീകള്ക്കായി സംവരണം ചെയ്തിട്ടുണ്ട്. അങ്ങനെ സ്ത്രീശാക്തീകരണത്തെ യാഥാര്ഥ്യമാക്കാന് പഞ്ചായത്ത് വ്യവസ്ഥയ്ക്ക് സാധിച്ചു.

*പട്ടികജാതിപട്ടികവര്ഗ്ഗക്കാര്ക്കും ജനസംഖ്യക്ക് ആനുപാതികമായി സംവരണം ഏര് പ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തുകളിലെ സാധാരണ സീറ്റുകളില് മാത്രമല്ല പ്രസിഡണ്ട് അഥവാ അധ്യക്ഷപദവികള്ക്ക് കൂടി ഈ സംവരണം ബാധകമാണ്.

## 4.വിഷയങ്ങളുടെ കൈമാറ്റം

73ആം ഭേദഗതിയൊടെ സംസ്ഥാന ലിസ്റ്റിലുണ്ടായിരുന്ന 11 പട്ടികയിലെ 29 വിഷയങ്ങള് പഞ്ചായത്ത് രാജിന് കൈമാറി . ഈ വിഷയങ്ങള് മുമ്പ് സംസ്ഥാന ലിസ്റ്റില് പെട്ടവയായിരുന്നു.

### പതിനൊന്നാം പട്ടികയിലെ പ്രധാന വിഷയങ്ങൾ

1. കൃഷി 2. ചെറിയ തോതിലുള്ള ജലസേചനം 3. ഗ്രാമീണ വീട് നിര്മ്മാണം, കുടിവെള്ളം 4. റോഡുകൾ, ദാരിദ്ര്യനിര്മാര്ജന പരിപാടി, പ്രൈമറി സെക്കന്ഡറി സ്കൂള് ഉള് പ്പെടെയുള്ള വിദ്യാഭ്യാസം 5. ഗ്രന്ഥശാലകള്, സാംസ്കാരിക പ്രവര്ത്തനങ്ങള് 6. കമ്പോളവും ചന്തകളും, കുടുംബക്ഷേമം, സാമൂഹ്യക്ഷേമം, പൊതുവിതരണസമ്പ്രദായം.

## 5. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് നിലവില് വന്നു.

73 ആം ഭേദഗതി പ്രകാരം സംസ്ഥാന ഗവണ്മെന്റ് ഒരു സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറെ നിര്മ്മിക്കേണ്ടതുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലേക്കും തിരഞ്ഞെടുപ്പ് നടത്താനുള്ള ഉത്തരവാദിത്വം ഈ തിരഞ്ഞെടുപ്പ് കമ്മീഷണര്ക്കാനുള്ളത്.

## 7. സംസ്ഥാന ധനകാര്യ കമ്മീഷന് നിലവില് വന്നു.

* ഓരോ അഞ്ചു വര്ഷം കൂടും തോറും സംസ്ഥാന ഗവണ്മെന്റ് ഒരു സംസ്ഥാന ധനകാര്യ കമ്മീഷനെ നിയമിക്കേണ്ടതുണ്ട്.ഈ കമ്മീഷന് സംസ്ഥാനത്തിലെ പ്രാദേശിക ഗവണ്മെന്റുകളുടെ ധനസ്ഥിതി

പരിശോധിക്കും. സംസ്ഥാനങ്ങള്ക്കും പ്രാദേശിക ഗവണ്മെന്റുകൾക്കും ഇടയിലുള്ള വരുമാന വിതരണത്തെ അത് വിലയിരുത്തും.

28. **1. പൊതുവായ വിശ്വാസങ്ങൾ:-** പൊതുവായ ചില ലക്ഷ്യങ്ങൾക്ക് വേണ്ടി ജനങ്ങളിൽ ഉണ്ടാകുന്ന ഏകത്വബൊധവും കൂട്ടായ്മയുമാണ് പൊതുവായ വിശ്വാസങ്ങൾ എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. സ്വതന്ത്രമായ രാഷ്ട്രീയ അസ്ഥിത്വം ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്ന ജനവിഭാഗത്തിനെ കൂട്ടായ സ്വത്വം, ഭാവിയെ കുറിച്ചുള്ള വീക്ഷണം എന്നിവയാണ് അതു സൂചിപ്പിക്കുന്നത്.

**2. ചരിത്രം:-** ഐതിഹ്യങ്ങൾ, ചരിത്രരേഖകൾ എന്നിവയെ അടിസ്ഥാനമാക്കി ജനങ്ങൾ സ്വന്തമായ ഒരു ചരിത്രബൊധം രൂപപ്പെടുത്തുന്നു. ഒരു രാഷ്ട്രത്തിന്റെ സ്വത്വം തുടർച്ചയായി നിലനിർത്തുന്നത്. ഈ ചരിത്ര ബൊധമാണ്.

**3. ഭൂപ്രദേശം:-** ജനങ്ങൾ ഒരു നിശ്ചിത ഭൂപ്രദേശത്ത് അധിവസിക്കുന്നതിനാൽ തങ്ങൾ ഏക ജനതയാണെന്ന് ചിന്തിക്കാൻ ജനങ്ങളെ സഹായിക്കുന്നു. ഒരു പ്രത്യേക ഭൂവിഭാഗത്തിന് ഏറെ കാലം ഒരുമിച്ച് താമസിക്കുകയും പൊതുവായൊരു ഭൂതകാലം പങ്ക് വെക്കുകയും ചെയ്യുമ്പൊൾ ജനങ്ങളിൽ കൂട്ടായൊരു സ്വത്വബൊധം രൂപപ്പെടുന്നു.

**4. പൊതുവായ രാഷ്ട്രീയാദർശങ്ങൾ:-** ഏത് തരത്തിലുള്ള രാഷ്ട്രമാണ് സൃഷ്ടിക്കേണ്ടത് എന്നതിനെ പറ്റി ഒരു രാഷ്ട്രത്തിലെ അംഗങ്ങൾക്ക് പൊതുവായ ചില കാഴ്ചപ്പാടുകൾ ഉണ്ട്. ജനാധിപത്യം, സൊഷ്യലിസം മുതലായ രാഷ്ട്രീയ ആദർശങ്ങൾ ഒത്തൊരുമിക്കാനും ഒന്നിച്ചു ജീവിക്കാനും ജനങ്ങൾക്ക് പ്രേരണയാകുന്നു.

**5.പൊതുവായ രാഷ്ട്രീയ സ്വത്വം:-**പൊതുവായ വംശ പരമ്പര, ഭാഷ, മതം എന്നിവ ജനങ്ങളെ ഒരുമിപ്പിക്കുകയും അവർക്ക് ഒരു സാംസ്കാരിക സ്വത്വം പ്രധാനം ചെയ്യുകയും ചെയ്യുന്നു. എന്നാൽ വംശ പരമ്പര, മതം എന്നിവ കാലക്രമത്തിൽ ജനങ്ങൾക്കിടയിൽ ഭിന്നതകൾ സൃഷ്ടിക്കും അതിനാൽ ദേശീയത വിഭാവനം ചെയ്യേണ്ടത് സംസ്കാരികാടിസ്ഥാനത്തിലല്ല, രാഷ്ട്രീയാടിസ്ഥാനത്തിലാണ്. എങ്കിൽ മാത്രമേ പൊതുവായ രാഷ്ട്രീയ സ്വത്വം ഉടലെടുക്കുകയുള്ളൂ.